# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2685** **09-05-2017-ലെ മറുപടിയ്ക്ക്**

## നാദാപുരം ടൗണിലെ കെട്ടിട നമ്പരിടൽ

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ.ഇ.കെ. വിജയൻ :** | | **ഡോ. കെ.റ്റി. ജലീൽ (തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| (എ) നാദാപുരം മണ്ഡലത്തിലെ നാദാപുരം ടൗണിലെ റോഡ് വികസനത്തിൽ പുനർനിർമ്മിക്കപ്പെട്ട കടകൾക്ക് നമ്പർ നൽകൽ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) പ്രസ്തുത നടപടി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; | (ബി) & (സി) | നാദാപുരം ടൗൺ വികസനത്തിന്റെ ഭാഗമായി റോഡിന് വീതി കൂട്ടുന്നതിന് കെട്ടിടഭാഗം ഉൾപ്പെടെ സൗജന്യമായി ഭൂമി വിട്ട് നൽകിയവർക്ക്, പൊളിച്ച് മാറ്റിയ കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും, ചീഫ് ടൗൺ പ്ലാനറോടും സർക്കാർ റിപ്പോർട്ട് ആരാഞ്ഞിരിക്കുകയാണ്. ഇക്കാര്യത്തിൽ നടപടി ത്വരിതപ്പെടുത്തുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) നമ്പർ നൽകുന്നതിന്റെ നടപടിക്രമങ്ങൾ ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ